## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1746** — **15-03-2022 - ൽ മറുപടിയ്ക്ക്**

## കാലിക്കറ്റ് സർവകലാശാല ഓർഡിനൻസ് ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 25.03.2006ലെ ജി.ഒ(പി)നം.145/2006/ഫിൻ, 12.06.2006ലെ ജി.ഒ(പി)നം.62/2006/ എച്ച്.ഇഡി.എൻ, 05.01.2008ലെ ജി.ഒ(പി)നം03/2008/എച്ച്.ഇഡി.എൻ, 26.02.2011 തീയതിയിലെ ജി.ഒ(പി)നം.86/2011/ഫിൻ എന്നീ സർക്കാർ ഉത്തരവുകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിന് സർക്കാർ നല്കിയ നിർദ്ദേശങ്ങളുടെയും അതനുസരിച്ച് സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവുകളുടെയും സ്റ്റാറ്റ്യൂട്ടുകളിൽ വരുത്തിയ ഭേദഗതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 02.03.2021 തീയതിയിലെ നം.1656026/ പി.ആർ.സി.ഡി3/20/ധന അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും യൂണിവേഴ്സിറ്റി ഉത്തരവ് U.O.No.9490/2021/Admn, Dated 15.09.2021 പ്രകാരം യൂണിവേഴ്സിറ്റിയിൽ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് അതിനു വേണ്ട പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ്-ഷെഡ്യൂൾ ഓഫ് നോൺ ടീച്ചിംഗ് സർവീസ്-ക്രമ നമ്പർ ഒൻപതുമായി ബന്ധപ്പെട്ട ഓർഡിനൻസ് ഭേദഗതികൾക്ക് സർവ്വകലാശാല സെനറ്റ് അംഗീകാരം നല്കിയതിന്റെയും ആയവ ചാൻസലറുടെ അനുമതിക്കായി അയച്ചതിന്റെയും പ്രസ്തുത ഭേദഗതികൾക്ക് ചാൻസലറുടെ അനുമതി ലഭിച്ചതിന്റെയും പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് ഓർഡിൻസ് 1978 ഷെഡ്യൂൾ ഓഫ് നോൺ ടീച്ചിങ് സർവീസ് ക്രമ നമ്പർ ഒൻപതുമായി ബന്ധപ്പെട്ട ഓർഡിനൻസ് ഭേദഗതികൾക്ക് സർവ്വകലാശാല സെനറ്റ് 30.01.2009, 02.02.2012 എന്നീ തീയതികളിൽ നടന്ന മീറ്റിംഗുകളിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം 23.04.2012 തീയതിയിൽ നമ്പർ GA1/F1/334/2012 കത്ത് മുഖേന ബഹു. ചാൻസലറുടെ ഓഫീസിലേക്ക് മേൽ പ്രൊപോസൽ അനുമതിക്കായി അയച്ചിട്ടുണ്ട്. ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ 28.09.2018 തീയതിയിൽ മേൽ പ്രൊപ്പോസലിൽ നിന്നുള്ള അനുമതിക്ക് വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു ഓർമ്മ കത്ത് ബഹു. ചാൻസലറുടെ ഓഫീസിലേക്ക് അയച്ചിട്ടുള്ളതാണ്. |
| (സി) | മേൽ ഓർഡിനൻസ് ഭേദഗതികൾക്ക് ചാൻസലറുടെ അനുമതി ഇതുവരെ ലഭ്യമായിട്ടില്ലെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല ഇതുവരെ സ്വീകരിച്ച തുടർനടപടികളുടെ | (സി) | (ബി) യിൽ നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | പകർപ്പുകളുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ